ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

# ലിറ്റിൽ മാസിക

2010
ഫെബ്രുവരി
**114**



പ്രകാശം പരത്തുന്ന
മുത്തശ്ശി

## അപ്പോൾ മാധ്യമങ്ങളും ആരോഗ്യവകുപ്പും നമ്മളെ കബളിപ്പിക്കുകയായിരുന്നു...?

2010
ഫെബ്രുവരി
ലക്കം 114

**ലിറ്റിൽ മാസിക**
ചുങ്കത്തറ പി.ഒ., മലപ്പുറം - 679934
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

1992ൽ ദൃഷ്ടി എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു. 1993 മുതൽ ലിറ്റിൽ മാസിക എന്ന പേരിൽ രജിസ്റ്റർ ചെയ്ത മാസികയായി പ്രസിദ്ധീകരിച്ചു വരുന്നു. ചെറിയ മനുഷ്യർ, കൊച്ചുപ്രസ്ഥാനങ്ങൾ, ചെറുതെങ്കിലും ആത്മാർത്ഥമായ ജനകീയ ഇടപെടലുകൾ പൂവ്, കാട്, പുഴ, ചെറുജീവികൾ, ദൃഷ്ടിഗോചരമല്ലാത്ത പ്രാണികൾ അങ്ങനെ ചെറുതും സുന്ദരവും സ്ഥായിയായി നിലനിൽക്കുന്നതുമായ ജീവിതത്തിന്റെ വിവിധ ഭാവങ്ങൾ...! ഇവയെക്കുറിച്ചെല്ലാമാണ് ഈ പത്രം വിചാരപ്പെടുന്നത്.

**ധ്യാനകഥ**

# അരപ്പട്ട

രണ്ടുപേർ വഴിയിൽവെച്ച് കണ്ടുമുട്ടി. അവർ നഗരത്തിലേക്കു നടന്നു. ഉച്ചതിരിഞ്ഞപ്പോൾ വീതിയേറിയ ഒരു നദിയുടെ കരയിൽ അവരെത്തി. നദി കടക്കാൻ പാലമുണ്ടായിരുന്നില്ല. ഒന്നുകിൽ നീന്തിക്കടക്കണം: അല്ലെങ്കിൽ അറിയാത്ത വഴികൾ അന്വേഷിച്ചുപോണം.

രണ്ടുപേരും കൂടി തീരുമാനിച്ചു: നമുക്ക് നീന്താം. അത്രയധികം വീതിയൊന്നുമില്ല.

ഇരുവരും വെള്ളത്തിലിറങ്ങി നീന്താൻ തുടങ്ങി.

ഒരാൾക്ക് നദികളേയും അവയുടെ രീതികളേയും നന്നായറിയാം. പക്ഷെ നടുവിലെത്തിയപ്പോൾ അയാൾ കുഴഞ്ഞുപോയി. കുതിച്ചുപായുന്ന വെള്ളത്തിൽ ഒഴുകിപ്പോവാനും തുടങ്ങി.

മുമ്പൊരിക്കലും നീന്തിയിട്ടില്ലാത്ത മറ്റേയാൾ പെട്ടെന്നു നീന്തിക്കടന്നു മറുകരയിലെത്തി. തന്റെ കൂട്ടുകാരൻ അപ്പോഴും ഒഴുക്കുമായി മല്ലടിക്കുകയാണ്. അയാൾ വീണ്ടും നദിയിലേക്കിറങ്ങി, കൂട്ടുകാരനെ രക്ഷപ്പെടുത്തി, കരയിലെത്തിച്ചു.

ഒഴുക്കിൽപ്പെട്ടുപോയ ആൾ ചോദിച്ചു: നിങ്ങളല്ലെ, നീന്താനറിയില്ലെന്ന് പറഞ്ഞത്? എന്നിട്ടും ഇത്രയും ധീരതയോടെ എങ്ങിനെ നദി കടന്നു?

സ്നേഹിതാ, എന്റെ അരയിൽച്ചുറ്റിയ ഈ അരപ്പട്ട കണ്ടോ? ഇതു നിറയെ സ്വർണ്ണനാണയങ്ങളാണ്. എന്റെ മക്കൾക്കും ഭാര്യയ്ക്കും വേണ്ടിയുള്ള സമ്പാദ്യം. ഒരു മുഴുവൻ കൊല്ലത്തേയും അദ്ധ്വാനഫലം. ഈ സ്വർണ്ണപ്പട്ടയുടെ ഭാരമാണ് എന്നെ നദിയിലൂടെ ചുമന്നുകൊണ്ടുവന്നത്. ഞാൻ നീന്തിക്കൊണ്ടിരുന്നപ്പോൾ എന്റെ ഭാര്യയും മക്കളും എന്റെ ചുമലിലുണ്ടായിരുന്നു.

നഗരം ലക്ഷ്യമാക്കിക്കൊണ്ട് രണ്ടുപേരും നടത്തം തുടർന്നു.

-ഒരു ജിബ്രാൻ കഥ

ചീഫ് എഡിറ്റർ
**ബിജു ജോൺ**
കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**
മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**
എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**
പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**മനോഹർ വർഗീസ്**
**ചന്ദ്രബാബു തൃക്കലങ്ങോട്**
സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**
കവർ ഫോട്ടോ
**അക്കു**
ടൈപ്പ് സെറ്റിംഗ്
**ജസീല**
ലേഔട്ട്
**റസീസ് അഹമ്മദ്**
പ്രിന്റിംഗ്
**ഇംപീരിയൽ ഓഫ്സെറ്റ് എടവണ്ണ**
**9895117614**

## കോപ്പിലെഫ്റ്റ് മാസികയാകുമ്പോൾ...

പകർപ്പാവകാശം രചയിതാവിന്, സ്രഷ്ടാവിന് നൽകുന്നത് തന്റെ രചനയുടെ മേൽ, സൃഷ്ടിയുടെ മേൽ മറ്റാർക്കുമില്ലാത്തവിധം സ്വന്തമായ ചില അവകാശങ്ങളാണ്. തന്റെ അനുമതിയില്ലാതെ രചന/സൃഷ്ടി മറ്റാരും പകർപ്പെടുക്കാനോ വിൽപ്പന നടത്താനോ പാടില്ല എന്ന് പകർപ്പാവകാശമുള്ളയാൾ ലോകത്തോട് മുഴുവൻ പ്രഖ്യാപിക്കുന്നു.

തന്റെ രചനയുടെ മേൽ, സൃഷ്ടി കഴിഞ്ഞാൽ തനിക്കായി സ്വന്തമായ അവകാശം വേണ്ട എന്നാണ് കോപ്പിലെഫ്റ്റ് പ്രമാണത്തിൽ വിശ്വസിക്കുന്നവർ പ്രഖ്യാപിക്കുന്നത്. സൃഷ്ടി കഴിഞ്ഞാൽ അത് ലോകത്തിന്റെ സ്വത്തായി അവർ കണക്കാക്കുന്നു.

ലിറ്റിൽ മാസിക കോപ്പിലെഫ്റ്റ് മാസികയാണ്. ഇതിൽ എഴുതുന്നവർക്ക് പക്ഷേ പുതിയ സാദ്ധ്യതകളാണ് ലഭിക്കുന്നത്. കൂടുതൽ പേരിലേക്ക് തട്ടും തടവുമില്ലാതെ രചനകൾ/സൃഷ്ടികൾ എത്തിപ്പെടും. ഞങ്ങളുടെ തന്നെ അനുഭവത്തിൽ ലിറ്റിൽ മാസികയിൽ വന്ന പല രചനകളും വർത്തമാനപത്രങ്ങളും വിദേശങ്ങളിലെ മലയാള പ്രസിദ്ധീകരണങ്ങളുമുൾപ്പെടെ നിരവധി പ്രസിദ്ധീകരണങ്ങളിൽ എടുത്തുപയോഗിക്കപ്പെട്ടിട്ടുണ്ട്. പ്രാദേശിക പ്രസിദ്ധീകരണങ്ങളും മറ്റു ചെറു/സമാന്തര മാസികകളും വഴി പുതിയ പുതിയ വായനക്കാരിലേക്ക്, പുതിയ വ്യാഖ്യാനങ്ങളിലേക്ക്, പ്രതികരണങ്ങളിലേക്ക് ഓരോ എഴുത്തും എത്താനുള്ള സാദ്ധ്യത ഒരു കോപ്പിലെഫ്റ്റ് പ്രസിദ്ധീകരണത്തിന് മാത്രമുള്ളതാണ്. ഇവിടെ കോപ്പിറൈറ്റ് എന്ന സങ്കൽപ്പത്തിന് എതിരാവുകയല്ല; മറിച്ച് കോപ്പിറൈറ്റ് പോലെ തന്നെ കോപ്പിലെഫ്റ്റും സാദ്ധ്യതയാണ്. രണ്ടും രണ്ട് വ്യത്യസ്ത സാദ്ധ്യതകളാണെന്നു മാത്രം.

**Copy left:** ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. ആർക്കും രചനകൾ യഥേഷ്ടം ഉപയോഗിക്കാവുന്നതാണ്. രചയിതാവിന്റെ പേര് സൂചിപ്പിക്കണമെന്ന് മാത്രം.




# അപ്പോൾ മാധ്യമങ്ങളും ആരോഗ്യവകുപ്പും നമ്മളെ കബളിപ്പിക്കുകയായിരുന്നു...?

**പന്നിപ്പനിയുടെ പേരിൽ മുഖ്യധാരാ മാധ്യമങ്ങൾ വെണ്ടക്ക നിരത്തി മാസങ്ങളോളം വായനക്കാരെ ഭീതിയുടെ മുൾമുനയിൽ നിർത്തിയത് മരുന്നു കമ്പനികളുടെ കച്ചവട തന്ത്രങ്ങൾക്ക് അറിഞ്ഞോ അറിയാതെയോ നിന്നുകൊടുത്തുകൊണ്ടല്ലേ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. മാധ്യമരംഗത്തെയും ആരോഗ്യരംഗത്തെയും ചതിക്കുഴികൾ നാം അറിയാതെ പോവുന്നുണ്ടോ..? ഈ വാർത്ത വായിക്കുക.**

**എഡിറ്റർ**

## പന്നിപ്പനി: ഭീതി പരത്തിയത് ബഹുരാഷ്ട്ര കമ്പനികൾ

## ലോകാരോഗ്യ സംഘടന അംഗങ്ങൾ കോഴവാങ്ങി

**ദേശാഭിമാനി ദിനപത്രം 14. 1. 2010**

പന്നിപ്പനിയെപ്പറ്റി പരിഭ്രാന്തി സൃഷ്ടിച്ചതിനു പിന്നിൽ ബഹുരാഷ്ട്ര മരുന്നുകമ്പനികൾ. ലോകാരോഗ്യ സംഘടനയുടെ വാക്സിൻ ബോർഡിൽ ബഹുരാഷ്ട്ര മരുന്നുകമ്പനികളുമായി അടുത്ത ബന്ധമുള്ള അംഗങ്ങളുടെ നിർബന്ധപ്രകാരമാണ് പന്നിപ്പനി (എച്ച്1 എൻ1) രോഗത്തിനുള്ള വാക്സിൻ വാങ്ങണമെന്ന് പല രാജ്യങ്ങൾക്കും ലോകാരോഗ്യ സംഘടന നിർദേശം നൽകിയത് എന്നതിന് തെളിവ് പുറത്തുവന്നു.

സംഘടനയുടെ വാക്സിൻ ബോർഡായ സ്ട്രാറ്റജിക് അഡ്വൈസറി ഗ്രൂപ്പ് ഓഫ് എക്സ്പെർട്സിലെ അംഗമായ ഫിൻലന്റുകാരൻ പ്രൊഫ: ജുഹാനി എസ്കലക്ക് ജി എസ്കെ എന്ന മരുന്നുകമ്പനി 63 ലക്ഷം യൂറോയാണ് കൊടുത്തത്. മരുന്നു ഗവേഷണത്തിനെന്ന പേരിലായിരുന്നു ഈ സഹായം. ഡാനിഷ് പത്രമായ ഇൻഫർമേഷൻ ആണ് ഈ വിവരം പുറത്തുകൊണ്ടുവന്നത്. ബോർഡിലെ മറ്റ് ആറ് അംഗങ്ങൾക്കും വൻ മരുന്നുകമ്പനികളുമായി സാമ്പത്തികബന്ധമുണ്ടെന്ന് പത്രം റിപ്പോർട്ടു ചെയ്തു. ഡോ: പീറ്റർ ഫിഗുവേര, ഡോ: മാലിക് പെയ്റിസ്, ഡോ: ആർ.ണോൾഡ് മൊണ്ടോ, ഡോ: ഫ്രെഡറിക് ഹെയ്ഡൻ, ഡോ: ആൽബർട്ട് ഓസ്റ്റർഹാർഡ്സ് എന്നിവരാണിവർ. ഇതിൽ ഡോ: പീറ്റർ ഫിഗുവേര മാത്രം ഗവേഷണത്തിനായി സഹായം സ്വീകരിച്ചുവെന്ന് സമ്മതിച്ചിട്ടുണ്ട്.

ഗ്ലാക്സോ സ്മിത്ക്ലൈൻ, നൊവാർടിസ്, സോൾവേ, ബാക്സ്റ്റർ, മെഡ് ഇമ്യൂൺ, സനോഫി അവൈന്റിസ് എന്നിങ്ങനെ ബോർഡ് അംഗങ്ങൾക്ക് ബന്ധമുള്ള പ്രമുഖ മരുന്നുകമ്പനികൾ പന്നിപ്പനി അടക്കമുള്ള രോഗങ്ങൾക്കുള്ള മരുന്നുകളുടെ നിർമ്മാതാക്കളാണ്. വാക്സിൻ ബോർഡാണ് പന്നിപ്പനിക്ക് ഉപയോഗിക്കേണ്ട പ്രതിരോധ മരുന്നിനെക്കുറിച്ചുള്ള നിർദേശം ലോകാരോഗ്യ സംഘടനയുടെ മേധാവി മാർഗരറ്റ് ചാന് നൽകിയത്.

പന്നിപ്പനി മൂലം മരിക്കുന്നവരുടെ കണക്ക് 0.75 ശതമാനമായിട്ടും ഈ രോഗത്തെക്കുറിച്ച് അത്യസാധാരണമായ പരിഭ്രാന്തി പരത്തുന്നതിൽ ലോകാരോഗ്യ സംഘടനയും പ്രധാന പങ്കുവഹിച്ചു. ഇന്ത്യയടക്കമുള്ള രാജ്യങ്ങളോട് വാക്സിൻ വാങ്ങി ഉപയോഗിക്കണമെന്ന് സംഘടന നിർദേശിച്ചിരുന്നു.



ജീവിതത്തിന്റെ
ലളിതപാഠങ്ങൾ

അക്കു

# ഗാന്ധി: ദർശനം മാത്രം

**അവനവൻ ഉപയോഗിക്കുകയും പെരുമാറുകയും ചെയ്യുന്ന പരിസരങ്ങൾ വൃത്തിയാക്കൽ സ്വന്തം കടമയാണെന്നും ശുചീകരണം ഹീനമായ സംഗതിയല്ലെന്നും നമ്മുടെ കുട്ടികൾ എങ്ങനെയാണ് പഠിക്കുക?**

സ്വന്തം ജീവിതത്തെ സന്ദേശമാക്കി മാറ്റിയ മഹാത്മജി അഭിമാനത്തോടെ ചെയ്തിരുന്ന കർമ്മമായിരുന്നു കക്കൂസ് വൃത്തിയാക്കൽ എന്ന് പണ്ടേ ഗാന്ധിജയന്തി ദിനത്തിലും സാഹിത്യസമാജങ്ങളിലും പ്രസംഗ പരിപാടികളിൽ ആവർത്തിച്ചു കേൾക്കാറുണ്ടായിരുന്നു. ഇന്നത്തെ കുട്ടികളും ഇക്കാര്യം കേൾക്കാതിരിക്കില്ല! മുമ്പത്തേക്കാളും കുട്ടികൾ ഗാന്ധിജിയെ വായിക്കുന്നുണ്ട്. വായിക്കുക മാത്രമല്ല ഗാന്ധിദർശൻ പരീക്ഷയും ഗാന്ധി ക്വിസും സെമിനാറും......... അങ്ങനെയങ്ങനെ നമ്മുടെ കുട്ടികൾക്കിപ്പോൾ ഗാന്ധിജിയെ സോണിയാഗാന്ധിയേക്കാളും സുപരിചിതമാണ്.

ഗാന്ധിയിൽ നിന്ന് പഠിക്കാൻ ചിലതുണ്ടെന്നും അതിൽ ചിലതെങ്കിലും പ്രാവർത്തികമാക്കേണ്ടതുണ്ടെന്നും ഇന്ന് ഒരു സ്ക്കൂൾ അദ്ധ്യാപകന് തോന്നിയാൽ കുറ്റം പറയാൻ പറ്റുമോ? കുട്ടികളെ, അവർ സ്ക്കൂളിൽ ഉപയോഗിക്കുന്ന കക്കൂസും മൂത്രപ്പുരയും വൃത്തിയാക്കാൻ പ്രേരിപ്പിച്ച അദ്ധ്യാപകനെ അത്തരമൊരു സന്ദർഭമുണ്ടാക്കിയതിന് അഭിനന്ദിക്കുകയല്ലേ വേണ്ടത്?

എന്നാൽ മലപ്പുറം ജില്ലയിൽ നിലമ്പൂരിലെ ഗവൺമെന്റ് യു.പി.സ്ക്കൂളിലെ ഒരു അദ്ധ്യാപകൻ ഇതിന്റെ പേരിൽ എതിർപ്പുകൾ നേരിടുകയാണ്, ഒരു വിഭാഗം രക്ഷിതാക്കളുടേയും രാഷ്ട്രീയ പാർട്ടികളുടേയും.

അദ്ധ്യാപകൻ കുട്ടികളെക്കൊണ്ട് കക്കൂസ് കഴുകിച്ചെന്നും അതിലൊരു കുട്ടിക്ക് ഉച്ചഭക്ഷണം കഴിക്കാൻ പ്രയാസം നേരിട്ടെന്നും അറപ്പു കാരണം കുട്ടി ഓക്കാനിച്ചുവെന്നും ഒരു രക്ഷിതാവ് പോലീസിൽ പരാതിപ്പെട്ടുവത്രെ. കാര്യമറിഞ്ഞ ഇടതുപക്ഷ യുവജന സംഘടന അദ്ധ്യാപകനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമരപരിപാടികൾ ആരംഭിച്ചു. അദ്ധ്യാപകൻ വലതുപക്ഷ സംഘടനക്കാരനാണത്രെ. അദ്ധ്യാപകനെതിരെ നടപടി സ്വീകരിക്കുകയാണെങ്കിൽ ഇടതുപക്ഷക്കാരനായ ഹെഡ് മാസ്റ്ററുടെ പേരിലും നടപടി വേണമെന്നാവശ്യപ്പെട്ട് വലതുപക്ഷക്കാരും സമരം തുടങ്ങി. പഞ്ചായത്ത് ഭരണക്കാർ അന്വേഷണ കമ്മീഷനെ വെച്ചു. പത്ര-മാധ്യമങ്ങൾക്കും കുശാൽ!

യഥാർത്ഥത്തിൽ എന്തു തെറ്റാണ് ഈ അദ്ധ്യാപകൻ ചെയ്തത്? ഒരു ശിക്ഷയായി കുട്ടികളെക്കൊണ്ട് നിർബന്ധിച്ച് ചെയ്യിച്ചതാണെങ്കിൽ അദ്ധ്യാപകനെ കുറ്റപ്പെടുത്താം. കക്കൂസ് വൃത്തിയാക്കൽ പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാരുടെ പണിയാണെന്നും അതിനു പകരം കുട്ടികളെക്കൊണ്ട് എന്തിനിതു ചെയ്യിച്ചു എന്നുമാണ് വിമർശകർ ചോദിക്കുന്നത്. തങ്ങളുടെ കുട്ടികളെ കക്കൂസ് കഴുകാനല്ല, പഠിക്കാനാണ് സ്ക്കൂളിലേക്ക് പറഞ്ഞയക്കുന്നതെന്നും, അദ്ധ്യാപകർ പഠിപ്പിച്ചാൽ മതിയെന്നും രക്ഷിതാക്കളും പറയുന്നു.

അവനവൻ ഉപയോഗിക്കുകയും പെരുമാറുകയും ചെയ്യുന്ന പരിസരങ്ങൾ വൃത്തിയാക്കൽ സ്വന്തം കടമയാണെന്നും ശുചീകരണം ഹീനമായ സംഗതിയല്ലെന്നും നമ്മുടെ കുട്ടികൾ എങ്ങനെയാണ് പഠിക്കുക? വൃത്തിയുള്ള പരിസരം

**സേവനപ്രവർത്തനങ്ങൾക്കുപകരം ഗാന്ധി ക്വിസും പ്രസംഗവും നടത്തിയും ഗാന്ധിപതിപ്പുകൾ പുറത്തിറക്കിയും കുട്ടികൾ പ്രതിഭ പ്രകടിപ്പിക്കുന്നു. അല്ലെങ്കിലും ആർക്കു വേണം സേവന പ്രവർത്തനം?**

സൃഷ്ടിക്കൽ അന്തസ്സുള്ള പണിയാണെന്ന ധാരണ കുട്ടികളിൽ ചെറുപ്പത്തിലേ ഉണ്ടാകാനുള്ള അവസരമൊരുക്കിക്കൊടുക്കുകയല്ലേ യഥാർത്ഥത്തിൽ വേണ്ടത്? പഠിപ്പെന്നു പറഞ്ഞാൽ എഴുത്തും വായനയും മാത്രമാണെന്നോ? പ്രവർത്തനാധിഷ്ഠിതവും (Activity based) പ്രശ്നാധിഷ്ഠിതവുമൊക്കെയായ (Issue based) പാഠ്യപദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയും അതിനുവേണ്ടി വാദിക്കുകയും ചെയ്യുന്ന ഇക്കാലത്ത് കക്കൂസ് കഴുകൽ വിവാദ വിഷയമാക്കുകയോ?

പണ്ട് ഒക്ടോബറിൽ ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് സ്ക്കൂളുകളിൽ ഒരാഴ്ചക്കാലം സേവനവാരമായി ആചരിച്ചിരുന്നു. അടിച്ചുവാരിയും അഴുക്കുചാൽ വൃത്തിയാക്കിയും കക്കൂസും മൂത്രപ്പുരയും കഴുകിയും സർക്കാർ ആശുപത്രി വൃത്തിയാക്കിയും ട്രാൻസ്പോർട്ട് ബസ്സുകൾ കഴുകിയും ആവേശത്തോടെയായിരുന്നു അന്ന് കുട്ടികൾ അദ്ധ്യാപകരുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. പിന്നീട് വിദ്യാഭ്യാസ വിചക്ഷണൻമാരും മന്ത്രിമാരും ചേർന്ന് സേവനവാരത്തെ ഏകദിനമാക്കി ചുരുക്കി (പിള്ളേരുടെ പഠിപ്പ് അഞ്ചാറു ദിവസം പോവുകയാണത്രേ!). പിന്നീട് ഗാന്ധിജയന്തി വെറുമൊരു അവധിദിനമായി. സേവനപ്രവർത്തനങ്ങൾക്കുപകരം ഗാന്ധി ക്വിസും പ്രസംഗവും നടത്തിയും ഗാന്ധിപതിപ്പുകൾ പുറത്തിറക്കിയും കുട്ടികൾ പ്രതിഭ പ്രകടിപ്പിക്കുന്നു. അല്ലെങ്കിലും ആർക്കുവേണം സേവന പ്രവർത്തനം? എല്ലാം 'മികവു'കളുടെ രേഖകളാക്കിയാൽ മതിയല്ലോ. അതുമല്ലെങ്കിൽ ഒരിക്കലും പാലിക്കാനല്ലെന്ന ബോധത്തോടെ അസംബ്ലിയിൽ വെയിലത്തു നിർത്തി പ്രതിജ്ഞയെടുപ്പിക്കാം. അത്രയൊക്കെ മതി സേവനം!

അദ്ധ്യയന ദിവസങ്ങളുടെ എണ്ണം കൂട്ടാനാണത്രെ ഈ സേവനവാരത്തെയൊക്കെ പടിയടച്ചു പിണ്ഡം വെച്ചത്. പകരം സർഗ്ഗാത്മകതയുടെ വസന്തം വിരിയിക്കുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങളുമായി ഇരുന്നൂറിലധികം അദ്ധ്യയന ദിനങ്ങളുണ്ട്. പണ്ട് ട്യൂട്ടോറിയലുകാർ ചെയ്തിരുന്ന പരീക്ഷാ കോച്ചിംഗ് ക്യാമ്പുകളുമുണ്ട്. കുട്ടികൾ സേവനമൊക്കെ എ-ഫോർ ഷീറ്റിൽ എഴുതി നിറക്കും. അദ്ധ്യാപകർ മാർക്കിടും.

എന്നിട്ട് പുതിയ കുട്ടികൾ സ്വാർത്ഥന്മാരാണെന്നും സേവനമനസ്കരല്ലെന്നും പറഞ്ഞ് നാം അവരെ പഴിക്കുകയും ചെയ്യുന്നു. വളരെ മാതൃകാപരമായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു സർക്കാർ വിദ്യാലയത്തിലെ അദ്ധ്യാപക സുഹൃത്തുക്കൾ പറഞ്ഞു. ഞങ്ങളുടെ സ്കൂളിലെ മൂത്രപ്പുരയും കക്കൂസുമെല്ലാം ഓരോ ദിവസവും ഗ്രൂപ്പുകളായി കുട്ടികളും അദ്ധ്യാപകരും ചേർന്നാണ് വൃത്തിയാക്കുന്നത്. ഇനിയതൊക്കെ നിർത്തി ഞങ്ങൾ വെറും പഠിപ്പിക്കൽ മാത്രം നടത്തിയാൽ മതിയെന്ന് ആലോചിക്കുകയാണ്.

ഒരു മരക്കൊമ്പ് വീണാൽ എല്ലാ സ്ക്കൂളിലേയും മരം വെട്ടാനും ഒരു പനി വന്നാൽ സ്ക്കൂൾ അസംബ്ലി നിരോധിക്കാനും ഒരു മുങ്ങിമരണം നടന്നാൽ പുഴ കാണൽ നിരോധിക്കാനും ഉത്തരവിടുന്ന സർക്കാർ ഇനി കക്കൂസുകൾ വൃത്തിയാക്കാതിരിക്കാനും ഉത്തരവിടുമായിരിക്കും.

മമ്മദ് മൊണ്ടാഷ്



# ജീവിതഗാനത്തിന്റെ വ്യത്യസ്ത രാഗങ്ങൾ

**മറ്റുള്ളവരുടെ നിർവ്വചനങ്ങൾക്കനുസൃതമായി സ്വയം മിനുക്കുന്നവർക്കും മുഖ്യധാരാ സ്വപ്നങ്ങൾക്കുവേണ്ടി സ്വയം നിർമ്മിക്കുന്നവർക്കും *ജീവിതഗാനം* എന്ന പുസ്തകം ഒരു കണ്ണാടിയാവും. ഭൗതികതയിലേയും ഉപഭോഗതയിലേയും അലോസരങ്ങളിൽ ബോധി തേടുന്നവർക്ക് ഒരു ജനലും എപ്പോഴും തുറസ്സുകളാഗ്രഹിക്കുന്നവർക്ക് ഒരു വാതിലുമായി വ്യത്യസ്തമായ വായനാനുഭവം.**

ജീവിതത്തെ പോർക്കളത്തോടും, ജീവിക്കുന്ന മനുഷ്യരെ പോരാളികളോടും ജീവിത വിജയങ്ങളെ പോരാട്ടവിജയങ്ങളോടും താരതമ്യപ്പെടുത്തുന്നത് കാലങ്ങളായി ഭാഷകളുടെ പൊതു പ്രകൃതമാണത്രേ. വേഗത അടിസ്ഥാന പ്രമാണമായ യന്ത്രവൽകൃത ആധുനികതയിൽ, കഴുത്തറുപ്പൻ ഉപഭോഗതയും ഹിംസാത്മക മാത്സര്യവും ജീവിതമെന്ന വർത്തമാനകാല മഹാത്ഭുതത്തെ ദർശിക്കേണ്ട കണ്ണുകളെ കൊട്ടിയടക്കുന്നു. കൂടാതെ വർത്തമാനകാല മനുഷ്യബോധത്തിലെ മത്സര പ്രവണതകളെ പ്രചോദിപ്പിക്കുന്ന ഏജൻസികളാവുകയാണ് ഭാഷകളിവിടെ.

യുദ്ധക്കളങ്ങളിൽ പാരസ്പര്യതാളവും സംഗീതവും നിലക്കുന്നുവെന്ന് മാത്രമല്ല ജീവിതഗാനം തന്നെ എന്നെന്നേക്കുമായി നിശ്ശബ്ദമാക്കപ്പെടുകയും ചെയ്യുന്നു. ഇത്തരം ബോധ്യങ്ങളുടെ ഭൂമികയിൽനിന്ന് പരിഗണിക്കപ്പെടുമ്പോഴാണ് മാതൃഭൂമി പ്രസിദ്ധീകരിച്ച പി.എൻ. ദാസിന്റെ 'ജീവിതഗാനം' എന്ന പുസ്തകവായനയുടെ മാനങ്ങൾ വിപുലമാവുന്നത്.

ജീവിക്കാൻ വേണ്ടി മരിക്കുന്ന, എന്നാൽ മരണത്തിന്റെ മുമ്പൊരിക്കലും ജീവിതം അറിഞ്ഞനുഭവിക്കാത്ത ഒരാൾക്ക് 'ജീവിതഗാനം' പകർന്നു തരുന്നത് ശ്രുതി വേദങ്ങളുടെ അപൂർവ്വാനുഭവമാണ്. ജീവിതത്തെ പുൽകുന്ന നിരവധി ശ്രുതികളിലൂടെ ഈ പുസ്തകം, ജീവന്റെ കാതിനെ തുടർച്ചയായി നവീകരിക്കുന്നു. പ്രതീക്ഷാശ്രുതി യിലാണ് പുസ്തകം ആരംഭിക്കുന്നത്. തുടർന്ന് പ്രഭാത ത്തിലൂടെയും ജ്ഞാന ത്തിലൂടെയും സ്നേഹത്തിലൂടെയും വികസിച്ച്, കർമ്മാശ്രുതിയിലൂടെയും പ്രാർത്ഥനാശ്രുതിയിലൂടെയും വളർന്ന്, മൃഗശ്രുതിയിലൂടെയും കടന്ന്, രക്തസാക്ഷിയിലൂടെയും സാഹോദര്യത്തിലൂടെയും രാഷ്ട്രീയത്തിലൂടെയും ഉറക്കശ്രുതിയിലും അതീന്ദ്രിയശ്രുതിയിലും എത്തി മൃതശ്രുതിയിൽ പൂർണ്ണമാകുന്നു. ശ്രുതികളുടെ വിവിധ ഭാവങ്ങളിലൂടെ വായന സ്വയം അറിവിലെത്തുമ്പോൾ ശാസ്ത്രീയ നിർവ്വചനങ്ങളുടെ മൂർച്ചയേറിയ അരികുകളിൽ നിന്ന് വായനക്കാർ തെളിഞ്ഞ ബോധത്തിന്റെ സൗമ്യ വൈജ്ഞാനികതയുടെ വിശാലതയിലേക്ക് ഉയർത്തപ്പെടുന്നു. മാത്സര്യത്തിന്റെയും ഉപഭോഗത്തിന്റെയും കലുഷബിംബങ്ങളെ അരിച്ചുമാറ്റി ഹൃദയത്തിന്റെ സ്പർശമുള്ള ഒരു ഭാഷ ഉരുത്തിരിയുന്നതും അതിൽ കരുണയുടെ പേരില്ലാ ചെറു ചെയ്തികളെ (Little nameless acts of kindness) ന്ന് വേഡ്സ് വർത്ത് വിശേഷിപ്പിച്ച ജീവിതാനുഭവങ്ങൾ സസൂക്ഷ്മം സെൻ കഥകളുടേയും സൂഫി കിസ്സകളിലൂടെയും വെളിച്ചത്തിൽ വർണ്ണരാജി പുൽകുന്നതും, ജീവിതം മഴവില്ലാകുന്നതും ഹൃദ്യമായിത്തന്നെയാണ്.

വിപണനത്തിലൂന്നിയ വർത്തമാനകാല ജീവിത നിർവ്വചനങ്ങളേയും ദർശനങ്ങളേയും ധ്യാനത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ (പുതിയ/പഴയ) വേറിട്ടൊരു ജീവിത ദർശനത്തിലേക്ക് തുറന്നുവെക്കുന്നുണ്ട് ഈ പുസ്തകം. ഈ ദർശനത്തിന് അകമ്പടിയാവുന്ന പല കഥകളും ഗുണപാഠങ്ങളും തനതു പൗരസ്ത്യ കഥ വിരിയൽ പ്രകൃതത്തിലേക്ക് വളരുന്നുമുണ്ട്. ശ്രുതികളുടെ ആരംഭത്തിലെ പല ഉദ്ധരണികളും വഴിവിളക്കാവുന്നുണ്ട്. ഓരോരോ ശ്രുതിയും കൂടിച്ചേരലിലേക്കു നയിക്കുന്ന വേറിട്ട വഴികളും. മാത്സര്യത്തിന്റെ അശാന്തികളൊഴിച്ചുകളഞ്ഞ സ്വച്ഛന്ദമായ പ്രവാഹമായി ഇവ പലപ്പോഴും മാറുന്നുണ്ട്, ചില സെൻ കഥകളുടെ ഇടയ്ക്കുള്ള ആവർത്തനം മാറ്റിനിർത്തിയാൽ.



പുസ്തകത്തിന്റെ തലക്കെട്ട്, ഒരു പക്ഷേ ഓഷോയുടെ ജീവിതം – ഒരു നൃത്തം, ഗാനം എന്ന ചെറുകൃതിയുടെ തലക്കെട്ടിനെ ഓർമ്മിപ്പിച്ചേക്കാം. എന്നാൽ ഉള്ളടക്കത്തിലും അവതരണത്തിലും മലയാളത്തിന് തികച്ചും നവ്യമായ ഒരു ധ്യാനഭാഷ 'ജീവിതഗാനം' കൈവരിക്കുന്നുണ്ട്. അറിവുകൊണ്ടും മുറിവേറ്റവനും ജീവിതംകൊണ്ട് വിശക്കുന്നവനും ജീവിത പോർക്കള ത്തിൽ അമ്പരന്നുനിൽക്കുന്നവനും ഈ പുസ്തകം വെളിച്ചം പകരുന്നുണ്ട്.മത്സര പരീക്ഷാമാസികകളുടെ പൂമുഖക്കഥകളായി രൂപപ്പെടുത്തിയതിനാൽ വായനയിൽ ചെറുതിന്റെ സുഖമുണ്ട്. കൂടാതെ ജീവിതത്തിന്റെ ബോധിച്ചുവട്ടിൽ നമ്രശിരസ്ക്കനായി ഹരിതകുലത്തിനോടും പക്ഷികുലത്തിനോടും അനുഭാവിയായി അനന്തവിശാലതയിലെ കുഞ്ഞുതിരി വെളിച്ചത്തിൽ തന്നെത്തന്നെ തേടുന്ന പ്രാപഞ്ചിക മനുഷ്യന്റെ കവർചിത്രം കാഴ്ചയിലെ സംഗീതമായി അനുഭവപ്പെടുന്നുണ്ട്.

മറ്റുള്ളവരുടെ നിർവ്വചനങ്ങൾക്കനുസൃതമായി സ്വയം മിനുക്കുന്നവർക്കും മുഖ്യധാരാ സ്വപ്നങ്ങൾക്കുവേണ്ടി സ്വയം നിർമ്മിക്കുന്നവർക്കും ജീവിതഗാനം ഒരു കണ്ണാടിയാവും. ഭൗതികതയിലേയും ഉപഭോഗതയിലേയും അലോസരങ്ങളിൽ ബോധി തേടുന്നവർക്ക് ഒരു ജനലും. എപ്പോഴും തുറസ്സുകളാഗ്രഹിക്കുന്നവർക്ക് ഒരു വാതിൽ.

ഇതൊന്നുമല്ലെങ്കിൽ, ഈ പുസ്തകം ഒരു സുന്ദരഗാനത്തിന്റെ ശ്രവണസുഖം തരും. തീർച്ച!

**ബദൽ അന്വേഷണം**

# ജപ്പാനിലെ ബദൽ കറൻസി

**ജനത്തിനു വേണ്ടി ജനങ്ങൾ പുറത്തിറക്കിയ യൂഫു എന്ന ബദൽ കറൻസിയെക്കുറിച്ച്...**

ജപ്പാനിലെ തെക്കെ പ്രവിശ്യയിലെ യൂഫിനിൽ രണ്ടാംലോകമഹായുദ്ധത്തിനുശേഷം അധികം കഴിയാതെ യാത്ര ചെയ്ത സഞ്ചാരിയും എഴുത്തുകാരനുമായ കെ. നാരായണൻ അവിടുത്തെ ജനങ്ങൾ സ്വന്തമായി രൂപം നൽകിയ യൂഫു എന്ന കറൻസിയുടെ കഥ പറയുന്നു.

അമേരിക്കൻ സാമ്രാജ്യത്വം തകർത്ത് തരിപ്പണമാക്കിയ ജപ്പാൻ ജനത അമേരിക്കൻ സൈന്യങ്ങളെ ആശ്രയിച്ച് അങ്ങേയറ്റം ദുരിതപൂർണമായ ജീവിത സാഹചര്യത്തിൽ കഴിയുന്ന കാലം. എല്ലാ അവശ്യസാധനങ്ങളും അമേരിക്കയിൽനിന്ന് ഇറക്കുമതി ചെയ്യുന്നു. പുതിയ തലമുറ അമേരിക്കയിലേക്ക് പുറപ്പെട്ടുകൊണ്ടിരിക്കുന്നു. എവിടെയും അമേരിക്കൻ പട്ടാളക്യാമ്പുകൾ. ജപ്പാൻ സാമ്പത്തികവ്യവസ്ഥ തന്നെ അമേരിക്കയുടെ കൈപ്പിടിയിൽ അമർന്നുകഴിഞ്ഞു.

പരാശ്രയത്വത്തിന്റെയും അധിനിവേശത്തിന്റെയും ശ്വാസംമുട്ടലിൽ ജപ്പാൻജനത അപ്പാടെ അമർന്നു കഴിയുമ്പോഴാണ് യൂഫിൻ എന്ന ചെറുപട്ടണത്തിലെ ജനങ്ങൾ പ്രാദേശിക കറൻസിയായ യൂഫു വിന് രൂപം കൊടുക്കുന്നത്. സാമ്പത്തികമാന്ദ്യം തരിപ്പണമാക്കിയ ഈ ചെറുപട്ടണത്തിലെ ജനങ്ങൾ അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ ഒരു വഴി കണ്ടെത്തി. അവർ തങ്ങളുടേതായ പണം യൂഫു അച്ചടിച്ചു. യൂഫു എന്നാൽ ജനങ്ങൾ സ്വയം രൂപം നൽകിയ താൽക്കാലികരസീതിയാണ്. ഇത് ഉപയോഗിച്ച് ടാക്സി വാടക നൽകാം. ഒരു കുപ്പി സാക്കേ വാങ്ങാം, വസ്ത്രം വാങ്ങാം, ഉച്ചഭക്ഷണം കഴിക്കാം, വീട്ടുജോലിക്കാരന് വാടക നൽകാം.

ഏതാണ്ട് ഒരു ക്രഡിറ്റ് കാർഡിന്റെ വലുപ്പം മാത്രമുള്ള യൂഫുവിൽ പ്രസിഡന്റിന്റെ ചിത്രമില്ല. അതിന് ഇത്ര മൂല്യം എന്നും രേഖപ്പെടുത്തിയിട്ടില്ല. എങ്കിലും പ്രാദേശിക സമ്പ്രദായമനുസരിച്ച് ഒരു യൂഫു 100 യെൻ എന്ന് കണക്കാക്കപ്പെടുന്നു. നോട്ടിൽ ക്യൂഷു ദ്വീപിലെ പർവ്വതനിരകളുടെ ചിത്രീകരണമുണ്ട്.

എങ്കിലും ജനങ്ങൾ ഈ താൽക്കാലിക കറൻസിക്ക് മൂല്യം മതിക്കുന്നു. ചരക്കിനു പകരം ചരക്ക്, സേവനത്തിനു പകരം സേവനം. മാറുന്ന ഒരു സമ്പ്രദായമാണിത്. ഓരോ ആളും യൂഫുവിന് പകരമായി എന്തെങ്കിലും സേവനമോ സാധനമോ നൽകാമെന്ന് വാഗ്ദാനം ചെയ്യുന്നു. ഒരാൾ യൂഫു നോട്ട് മറ്റൊരാൾക്ക് നൽകുമ്പോൾ അതിൽ രേഖപ്പെടുത്തിയതുപോലെ നിങ്ങൾ ആവശ്യപ്പെടുമ്പോൾ സാധനമായോ സേവനമായോ ഞാൻ നിങ്ങൾക്ക് മടക്കിത്തരും എന്ന് വാഗ്ദാനം ചെയ്യുകയാണ് ചെയ്യുന്നത്. ഓരോ ആളും അയാൾ നൽകുന്ന നോട്ടിൽ ഒപ്പിടേണ്ടതുണ്ട്. തങ്ങൾ ഒപ്പിട്ട നോട്ട് കൈവശമുള്ള വ്യക്തി ആവശ്യപ്പെടുമ്പോൾ അവർ ആവശ്യപ്പെടുന്ന സേവനം നൽകാൻ അയാൾ ബാദ്ധ്യസ്ഥനാണ്. തങ്ങൾ ബാറിൽ ധൂർത്തടിച്ച യൂഫുവിന് പകരം ചിലപ്പോൾ മറ്റൊരാളുടെ വീട്ടുജോലി ദിവസങ്ങളോളം ചെയ്യേണ്ടിവരും എന്ന പേടി പണപ്പെരുപ്പത്തെ തടയും. ഉപഭോഗത്തെ നിയന്ത്രിക്കും. ഇവിടെ ഓരോ വ്യക്തിയും തന്റെ തന്നെ കേന്ദ്രബാങ്കാവുന്നു.

**(അവലംബം: മാതൃഭൂമി പ്രസിദ്ധീകരിച്ച 'യാത്ര പുറപ്പാടിന്റെ പുസ്തകം' എന്ന ഗ്രന്ഥത്തിൽനിന്ന്)**

---

**വംശനാശം**

# ഒടുവിൽ നമ്മുടെ സുന്ദരി മീനും റെഡ് ലിസ്റ്റിൽ



അച്ചൻകോവിലാറിലും ചാലിയാറിലും കണ്ടുവന്നിരുന്ന മിസ്സ് കേരള എന്ന പേരിലറിയപ്പെടുന്ന സുന്ദരി മീനും (ശാസ്ത്രീയ നാമം: പുന്റിയസ് ഡിനിസോണി) നിലനിൽപ്പിന്റെ ഭീഷണിയിൽ. വൻതോതിൽ കയറ്റുമതി ചെയ്യപ്പെടുന്ന ഈ മത്സ്യസുന്ദരിക്ക് ഒന്നിന് തന്നെ 1500 രൂപയാണത്രേ വില! അലങ്കാര മത്സ്യങ്ങളിലെ ഈ രാജകുമാരി ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചറിന്റെ വംശനാശം നേരിടുന്ന ജീവിവർഗ്ഗങ്ങൾക്കുള്ള റെഡ് ലിസ്റ്റിൽ കയറിപ്പറ്റിയിരിക്കുകയാണ്.

ഫിഷറീസ് വകുപ്പ്, മിസ് കേരള മത്സ്യം പിടിക്കുന്നതും കയറ്റുമതി ചെയ്യുന്നതും നിരോധിച്ച് ഉത്തരവിറക്കിക്കഴിഞ്ഞു.

നിയമം
അഡ്വ. പി. ഉസ്മാൻ

# പ്രകൃതിക്ക് വേണ്ടി ഒരു വനനിയമം

**നമ്മുടെ വനനിയമം പ്രകൃതിയേയും പ്രകൃതി വിഭവങ്ങളേയും എങ്ങനെയാണ് കാണുന്നത്? മനുഷ്യരാശിയുടെ നിലനിൽപ്പിന് വനവും അതിന്റെ സ്വാഭാവിക ആവാസ വ്യവസ്ഥയും സംരക്ഷിക്കപ്പെടണമെന്ന് കർശനമായി അടിവരയിടുന്നതാണ് നമ്മുടെ വനനിയമം എന്ന് തിരിച്ചറിയപ്പെടുന്നുണ്ടോ? പരിസ്ഥിതിയുടെ പക്ഷത്തുനിന്ന് ഒരു നിയമപഠനം പ്രസക്തമാണ്.**

മനുഷ്യജീവന് പരിസ്ഥിതിയും, കാലാവസ്ഥയും ഗുണകരമാവുന്നത് ഒഴിച്ചുകൂടാൻ കഴിയാത്തതാണ് എന്ന പച്ച സത്യത്തിനെ 100% ശരിവെച്ച് കൊണ്ടാണ് കേരള വനനിയമം -ൽ നിലവിൽ വന്നത്. ആയത് വെറും പദ്ധതിയോ, ആരംഭശൂരത്വത്തിലടങ്ങിയതോ, പാളിച്ചകൾ നിറഞ്ഞതോ അല്ലായെന്ന് മേൽ നിയമം പരിശോധിച്ചാൽ പെട്ടെന്ന് ബോധ്യപ്പെടുന്നതാണ്. ഏതൊരു നിയമത്തിനേയും സസൂക്ഷ്മവും വിശാലവുമായും കീറിമുറിച്ചാലും പഴുതുകൾ ധാരാളം ലഭ്യമാകും. ഈ നിയമത്തിന് അത്തരത്തിൽ പഴുതുകളില്ല എന്നല്ല പക്ഷെ ഒരു സാധാരണക്കാരന്റെ മനസ്സിന് അതിവേഗത്തിൽ കീഴടക്കാൻ തക്കവണ്ണം ഈ നിയമം വിശാലമാണ്. ഏതൊരു സാധാരണ പൗരനും പ്രകൃതിയുടെ വരദാനമായ വനങ്ങളുടെ പ്രത്യേകതയും, പ്രാധാന്യവും, ആവശ്യകതയും, നിലനിൽപ്പും വളരെ വേഗത്തിൽ ബോധ്യമാകണം എന്നതാകാം ഇതിനു പിന്നിൽ. ഒറ്റ നോട്ടത്തിൽ വളരെ അപകടം പതിഞ്ഞുകിടക്കുന്ന ഈ നിയമങ്ങൾ ചിലർക്ക് കരിനിയമങ്ങളുമാകാം. പക്ഷെ ഒരു പരിസ്ഥിതി വാദിക്ക് ഒരു പക്ഷെ ഇതിനുമപ്പുറം സന്തോഷകരം മറ്റൊന്നില്ല. കേരള വനനിയമത്തിൽ റിസർവ്വ് ഫോറസ്റ്റായി Notify ചെയ്തിട്ടുള്ള പ്രദേശത്തിനകത്തേക്ക് കയറിയാൽ അത് നിയമത്തിന് മുന്നിൽ അതിക്രമിച്ച് കയറൽ (Tresspass) ആണ്. ആ നിയമത്തിൽ അതിക്രമിച്ച് കയറുന്ന വ്യക്തിക്ക് സത്യത്തിൽ മറ്റു ഉദ്ദേശങ്ങളൊന്നുംതന്നെയില്ല. എങ്കിലും അഞ്ച് വർഷം വരെ തടവും, കൂടാതെ പിഴയും ലഭിക്കാവുന്ന ഒരു കുറ്റമാണിത്. കേരള വനനിയമം വകുപ്പ് 27 ൽ ആണ് ഇത്തരം പ്രവേശനം അതിക്രമവും, കുറ്റകരവുമാണെന്ന് പ്രസ്താവിച്ചിട്ടുള്ളത്. വനത്തേയും അതിൽ വളരുന്ന സസ്യങ്ങളും, ഔഷധങ്ങളും , മൃഗങ്ങളും, കൂടാതെ മൺതരിക്ക് വരെ നമ്മുടെ നിയമ നിർമ്മാതാക്കൾ നൽകിയ പ്രസക്തിയും, വിലയും എത്രമാത്രം വലുതാണ് എന്നും ആയത് നില നിർത്തേണ്ട സാഹചര്യം മനസ്സിലാക്കിയ വിലയോട് കൂട്ടുമ്പോൾ മേൽ വനസമ്പത്തിന്റെ ആവശ്യകത ബോധ്യപ്പെടുന്നതാണ്. വനവിഭവമെന്നാൽ (Forest Produce) അതിവിശാലമായ അർത്ഥമാണുള്ളത്. മരങ്ങൾ, ഇലകൾ, ചെറുതൈകൾ, ഫലങ്ങൾ, വേരുകൾ, മരത്തൊലി തുടങ്ങി കാട്ടിൽ ഉള്ള എന്തും വനവിഭവമാണ്.

(തുടരും)

വിശകലനം
അജയ്കുമാർ

# മരമാണ് മറുപടിയെങ്കിൽ

ആഗോളതാപനം- മരമാണ് മറുപടി കേട്ടാൽ ആകർഷകത്വം ജനിപ്പിക്കുന്ന ഈ പ്രചാരണവാചകത്തിന്റെ പ്രായോജകർ കേരള വനംവകുപ്പാണ്. വൻ പരിസ്ഥിതി ദുരന്തത്തിന് ഹേതുവായി മാറിക്കഴിഞ്ഞ ഭൗമതാപനവും കാലാവസ്ഥാ വ്യതിയാനവും ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ രാജ്യങ്ങളും ഭരണകൂടങ്ങളും ഒറ്റയ്ക്കും കൂട്ടായും യത്നങ്ങൾ ആരംഭിച്ചിരിക്കുന്നു. വൃക്ഷം വെക്കൽ പരിപാടിക്ക് മുമ്പൊന്നുമില്ലാത്ത പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഇതേ കാലത്ത് വികസനത്തിന്റെ മറവിൽ മരങ്ങൾ വെട്ടിമാറ്റുന്ന തലതിരിഞ്ഞ ചിത്രവും നാം കണ്ടുകൊണ്ടിരിക്കുന്നു. പൊതുമരാമത്തുകാരാണ് ഇക്കാര്യത്തിൽ മുമ്പിൽ.

ഒരുഭാഗത്ത് മരംമുറിയും മറ്റൊരിടത്ത് വൃക്ഷം വെക്കലും. ഇതെല്ലാം കണ്ട് വളരുന്ന കുട്ടികൾക്ക് വിശ്വാസരാഹിത്യവും ഇതിന്റെയെല്ലാം അർത്ഥശൂന്യതയുമെല്ലാമാണല്ലോ ഈ മരംമുറി നാടകം സമ്മാനിക്കുന്നത്. മെച്ചപ്പെട്ട റോഡുകൾ ഉണ്ടാകുന്നതിന് ആരാണ് തടസ്സം? മരങ്ങളോ ദീർഘവീക്ഷണം കാട്ടാത്ത ഉദ്യോഗസ്ഥരോ? തുഗ്ലക്കിനെ നാണിപ്പിക്കും വിധം പരിഷ്ക്കാരങ്ങളും വികസനവും നടപ്പാക്കിക്കൊണ്ടിരിക്കുന്ന നമ്മുടെ പ്ലാനർമാരുടെ ക്രാന്തദർശനമല്ല, ആക്രാന്തദർശനമാണ് നാം ദിവസവും കണ്ടുകൊണ്ടിരിക്കുന്നത്. വർഷാവർഷം പൊളിച്ചും മിനുക്കിയും വികസനം പോക്കറ്റിന് കൊണ്ടുവരുന്ന പദ്ധതികളുടെ ടാർവീപ്പയിൽ നിന്നൊന്ന് മുഖമുയർത്തി ലോകത്തെ നോക്കിക്കാണാൻ നമ്മുടെ പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയറിംഗ് ടെക്നോളജിക്കാർ തയ്യാറാകണം. എങ്കിലേ പരിസ്ഥിതിക്കിണങ്ങിയതും ഹരിതസമൃദ്ധിയെ നെഞ്ചിലേറ്റുന്നതുമായ പുത്തൻ ടെക്നോളജിക്ക് പിന്നാലെയാണ് ലോകം എന്നറിയാൻ കഴിയൂ. ലോകത്തെവിടെയെങ്കിലും മരങ്ങളില്ലാത്ത റോഡുകൾ രൂപകൽപ്പന ചെയ്യുന്നുണ്ടോ? റോഡ്കോൺഗ്രസ് രേഖകളിൽ ഹൈവേകൾക്കും റോഡുകൾക്കും മരങ്ങൾ അനിവാര്യമാണെന്നാണ് എഴുതിവെച്ചിരിക്കുന്നത്.

വളരുന്ന നഗരമെന്നാൽ കുറേ കൂറ്റൻ കോൺക്രീറ്റ് കെട്ടിടങ്ങളും ടാറിട്ട റോഡുകളുമെന്നാണോ? അനന്തപുരിയുടെ ഒട്ടുമിക്ക പ്രദേശങ്ങളുടേയും സ്ഥലനാമം മരങ്ങളും കാടുകളും കണ്ടങ്ങളുമായി ബന്ധപ്പെട്ടതാണ്. പുളിമൂട്, മരുതുംകുഴി, മരുതുമൂട്, പേഴുംമൂട്, അരശുംമൂട്, പ്ലാമൂട്, തൈക്കാട്, വഴുതക്കാട് ഇങ്ങനെ എത്രയോ ഉദാഹരണങ്ങൾ. ചരിത്രമുറങ്ങുന്ന ഈ പേരുകളുടെ സ്ഥാനത്ത് നഗറുകൾ ഉയരുന്നു. ആർക്കു വേണം പൈതൃകവും മരങ്ങളും പഴഞ്ചൻപേരുകളും! നമ്മുടെ പല നഗരങ്ങളും വീർപ്പുമുട്ടുകയാണ്. ചതുപ്പുനിലങ്ങൾ മുഴുവൻ നികത്തി ആകാശചുംബികളായ സൗധങ്ങളും റോഡുകൾ കൈയേറി വൻ മാളുകളും കെട്ടിയുയർത്തുന്നു. ചുട്ടുപൊള്ളുന്ന പൊടിപടലങ്ങളും കൊതുകുകളും വമ്പിച്ച തിക്കും തിരക്കുമായി നഗരജീവിതം നരകയാതന സൃഷ്ടിക്കുന്നു.

# വരണ്ടുകീറിയ മണ്ണും പച്ചപുതക്കുന്നു

## എത്യോപ്യയിൽനിന്നും ഒരു വിജയകഥ






എത്യോപ്യയിലെ ദാരിദ്ര്യത്തിന്റെ മനസു നുറുക്കുന്ന ചിത്രങ്ങൾ ലോകം കാണാൻ തുടങ്ങിയിട്ട് വർഷങ്ങൾ 24 കഴിഞ്ഞു. എല്ലും തോലുമായ ആസന്നമരണരായ കുഞ്ഞുങ്ങളും വരണ്ടുകീറിയ കൃഷിയിടങ്ങളും ഇനിയും ഏറെക്കാലം നമ്മുടെ മനസാക്ഷിയിൽ മുദ്രിതമായിരിക്കും. ഏകദേശം 10 ലക്ഷം മനുഷ്യരാണ് 1985-ലെ ദുരിതത്തിൽ മരിച്ചത്. അതവിടെ അവസാനിച്ചുമില്ല. ദുരന്തങ്ങൾ പക്ഷേ, മാറ്റങ്ങളും കൊണ്ടുവരുന്നു. വരൾച്ചയ്ക്കും ദാരിദ്ര്യത്തിനും ഒരു കാരണം വനങ്ങളുടെ നാശമാണെന്ന് എത്യോപ്യൻ അധികാരികൾ തിരിച്ചറിഞ്ഞു.

ഏതാനും വർഷം മുമ്പ് ജീവിതത്തിന്റെ നാനാതുറകളിൽ നിന്നുള്ള ലക്ഷക്കണക്കിന് എത്യോപ്യക്കാർ മരങ്ങൾ നട്ടുവളർത്താൻ തുടങ്ങി. പിരിസ്ഥിതി വാദിയായ പ്രസിഡന്റ് ഗിർമാ വോൾഡെ ജ്യോർജിസിന്റെ (Girma Wolde Giorgis) നേതൃത്വത്തിലായിരുന്നു അത്. UNEPയുടെ 100 കോടി മരങ്ങൾ ക്യാംപയിനിൽ എത്യോപ്യ പ്രമുഖ പങ്കാളിയാവുകയും ചെയ്തു. പ്രസിഡന്റ് വോൾഡെ ജ്യോർജിസ് പറയുന്നതു പ്രകാരം എത്യോപ്യ 100 കോടിയിലധികം മരങ്ങൾ നട്ടുകഴിഞ്ഞു. മറ്റേതൊരു രാജ്യത്തെക്കാളുമധികം. UNEP പ്രസിദ്ധീകരിക്കുന്ന നമ്മുടെ ഗ്രഹം (Our Planet) എന്ന മാസിക 2009 ഫെബ്രുവരി ലക്കം പ്രസിദ്ധീകരിച്ച അഭിമുഖത്തിൽ അദ്ദേഹം പറയുന്നു.

ആദ്യത്തെ വരൾച്ച ഈ രാജ്യത്തെ ബാധിച്ചപ്പോൾ സമാശ്വാസത്തിനായി ഒരു വൻ നീക്കമുണ്ടായി- ഇവിടെ സഹായം, അവിടെ സഹായം. ലോകം ഭക്ഷണവും മറ്റ് സാമഗ്രികളും കൊണ്ട് എത്യോപ്യയെ സഹായിച്ചു. പക്ഷേ ചിലർ, പ്രത്യേകിച്ചും റെഡ്ക്രോസുകാർ, അവർ ചിന്തിച്ചു!

എന്തുകൊണ്ട് വരൾച്ച തടഞ്ഞുകൂടാ? ദുരിതത്തിനായി എന്തിന് കാത്തിരിക്കണം? ജനങ്ങളെ സഹായിക്കാൻ വരൾച്ച തടയുകയാണ് വേണ്ടത്. ദുരന്തം ഒഴിവാക്കാനാണ് ഞങ്ങളിറങ്ങിയിരിക്കുന്നത്. ഈ രാജ്യത്തെ ദുരിതം വരൾച്ചയാണ്. വരൾച്ച ശമിപ്പിക്കാൻ കാടു വേണം. കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിൽ 45-60 % കാടുണ്ടായിരുന്നു. അതിപ്പോൾ, ഞങ്ങൾക്ക് പറയാൻ ലജ്ജയുണ്ട്. മൂന്നു ശതമാനമായി കുറഞ്ഞിരിക്കുന്നു. അതുകൊണ്ട് അതു തടയണം, രാജ്യത്തെ ഹരിതാഭമാക്കണം.

ഈ രാജ്യത്തെ കുട്ടികളെ കാണുമ്പോൾ, മാർഗദർശനത്തിനും പ്രചോദനത്തിനുമായി ഉറ്റുനോക്കുന്ന അവരോട്, മരങ്ങളെപ്പറ്റി അങ്ങെന്താണ് പറയാറ്?

ഞാൻ പറയാം, എനിക്ക് വളരെ താൽപര്യജനകമായ ഒരു സംഘടനയുണ്ട്. സ്കൗട്ട് പ്രസ്ഥാനം. സ്കൗട്ടിംഗ് സിസ്റ്റത്തിൽ ചെറിയ കുട്ടികൾ മുതൽ പ്രായപൂർത്തിയായവർ വരെ എല്ലാ ചെറുപ്പക്കാരും ഉൾപ്പെടുന്നു. കാരണം ഭാവി അവരുടേതാണ്. നാളത്തെ നന്മയ്ക്കു വേണ്ടിയാണ് അവർ നട്ടു നനയ്ക്കുന്നത്. ചെറുപ്പക്കാർക്ക് അത് ഇപ്പോഴേ അനുഭവപ്പെടുന്നുണ്ടെന്നാണ് ഞാൻ കരുതുന്നത്. കാരണം യുവാക്കളുടെ ഭാവിയാണ് കുഴപ്പത്തിലാക്കുന്നത്, വനനാശം തിരുത്തപ്പെട്ടില്ലെങ്കിൽ ദുരിതം തടയാനുള്ള പ്രവർത്തനം പ്രോത്സാഹിക്കപ്പെട്ടില്ലെങ്കിൽ- യുവതലമുറയെയായിരിക്കും അത് ബാധിക്കുക, അതുകൊണ്ട് ഭാവി മെച്ചപ്പെട്ടതാക്കാൻ അവർ കഠിനാദ്ധ്വാനം ചെയ്യണം. അതാണ് ആശയം.

അങ്ങേയ്ക്ക് ഈ നാട്ടിൽ ഒരു മരം നടൽ മുദ്രാവാക്യമുണ്ടെന്ന് ഞങ്ങൾ കേട്ടിട്ടുണ്ട്.

ഒരാൾക്ക് രണ്ടു മരം എന്നാണത് . ആളുകൾ രണ്ടും ഏറെയും നടുന്നു. ഇപ്പോൾ ഞങ്ങൾ പറയുന്നത് മൂന്ന് എന്നാണ്. പകരം അവർ 13 നടുന്നു. ഞങ്ങളവർക്ക് മാർഗനിർദേശം നൽകാൻ ശ്രമിക്കുന്നു, വഴി കാണിക്കുന്നു, ബോധവൽക്കരണം. അതാണ് ഞങ്ങൾ നടത്തുന്നത്.

ഏത് മരങ്ങളാണവർ നടുന്നത്? അതവരാണോ തീരുമാനിക്കുന്നത്? നിങ്ങളവർക്ക് തൈകൾ നൽകാറുണ്ടോ? എങ്ങനെയാണീ പരിപാടികൾ നടക്കുന്നത്?

തൈകൾക്കായി കേന്ദ്രങ്ങളുണ്ട്. തദ്ദേശീയ ജനുസ്സുകൾക്ക് വേണ്ടിയാണ് ഞങ്ങൾ കാംപെയിൻ ചെയ്യുന്നത്. തദ്ദേശീയ ജനുസ്സുകൾക്കേ മണ്ണ് സംരക്ഷിക്കാനും കാലാവസ്ഥ മെച്ചപ്പെടുത്താനും, ദീർഘകാലാടിസ്ഥാനത്തിൽ രാജ്യത്തെ സുരക്ഷിതമാക്കാനും കഴിയൂ.

പക്ഷേ, ഒരു പരിസ്ഥിതിവാദി എന്ന നിലയിൽ ഇത് വരൾച്ച തടയുമെന്ന് അങ്ങേയ്ക്ക് ഉറപ്പുണ്ടോ? എന്താണ് അങ്ങയുടെ മനസ്സിലുള്ള ചിന്തകൾ?

എനിക്ക് നല്ല ഉറപ്പുണ്ട്. അത് നാളെയാവില്ല, പക്ഷേ സംഭവിക്കും. അതിന് സമയമെടുക്കും.

(ശാസ്ത്രകേരളം ജൂൺ 2009)

ബൗദ്ധിക സ്വത്തവകാശം

ലിമ എഡിറ്റോറിയൽ ഡെസ്ക്

# ഗാന്ധിജിയും പകർപ്പാവകാശവും

**മഹാത്മാഗാന്ധിയുടെ ചിത്രങ്ങളും വീഡിയോ ക്ലിപ്പിംഗുകളും കൈവശം വെച്ച് ലാഭമുണ്ടാക്കുന്ന സ്ഥാപനങ്ങൾ പകർപ്പവകാശത്തിന്റെ പേരിൽ മഹത്തായ ആശയാദർശങ്ങളുടെ പ്രചാരമാണ് തടയുന്നത്.**

ഗാന്ധിജിയുടെ വീഡിയോ ചിത്രങ്ങളും ഫോട്ടോകളും ഉപയോഗിച്ച് ഗാന്ധിയെക്കുറിച്ച് ഒരു പഠന സി.ഡി. നിർമ്മിച്ച് സൗജന്യ വിതരണം നടത്താൻ ഒരു പ്രമുഖ പ്രസിദ്ധീകരണസ്ഥാപനം അടുത്തകാലത്ത് ശ്രമങ്ങൾ തുടങ്ങി. ഗാന്ധിജിയുടെ വീഡിയോ ചിത്രങ്ങളുടെ ഭൂരിഭാഗവും കൈയടക്കിവെച്ചിരിക്കുന്നത് മുംബെയിലെ ഗാന്ധി ഫിലിം ഫൗണ്ടേഷനാണെന്ന് അറിഞ്ഞ് ഉപയോഗിക്കാൻ അനുമതി തേടി. ഒരു മിനിറ്റിന്റെ വീഡിയോ ഫൂട്ടേജിന് തന്നെ ലക്ഷങ്ങൾ ആണ് ഗാന്ധി ഫിലിം ഫൗണ്ടേഷനും മറ്റ് കോപ്പിറൈറ്റ് ഉടമകളും ആവശ്യപ്പെട്ടത്. ഗാന്ധിജി സമൂഹത്തിന്റെ പൊതു സ്വത്താണെന്നും ഗാന്ധിയൻ ആശയങ്ങളുടെ പ്രചാരണം മാത്രം ഉദ്ദേശിച്ച് ആരെങ്കിലും ഗാന്ധിജിയുടെ വീഡിയോ ചിത്രങ്ങൾ ഉപയോഗിക്കാൻ തുനിഞ്ഞാൽ കോപ്പിറൈറ്റ് നിയമത്തിന്റെ നൂലാമാലകൾ പുറകെയെത്തും.

## ഗാന്ധിജിയെന്ന സ്വത്ത്

ഗാന്ധിജിയെ വീഡിയോവിലും ഫോട്ടോയിലും പകർത്തിയ ഫോട്ടോഗ്രാഫർമാരും വീഡിയോഗ്രാഫർമാരും പലരും ഇന്നും ജീവിച്ചിരിക്കുന്നുണ്ട്. അവരാണ് ഇതിന്റെയെല്ലാം പകർപ്പാവകാശം ഉണ്ടെന്ന് പറഞ്ഞ് സാമ്പത്തികലാഭം മാത്രം ലാക്കാക്കി അവകാശവാദങ്ങൾ ഉന്നയിക്കുന്നത്.

എന്നാൽ ഇന്ത്യയിലെ പകർപ്പാവകാശ നിയമം ഫോട്ടോയും വീഡിയോഗ്രാഫിയും പ്രസിദ്ധീകരിച്ച തീയതി തൊട്ട് 60 വർഷം മാത്രമേ പകർപ്പാവകാശം അനുവദിക്കുന്നുള്ളൂ. ഈ വസ്തുത മറച്ചുവെച്ചാണ് പലതും പ്രവർത്തിക്കുന്നത്.

എന്തായാലും പകർപ്പാവകാശനിയമത്തിന്റെ പേരിൽ ഗാന്ധിജിയെപ്പോലുള്ള മഹാത്മാക്കളുടെ ജീവിതാദർശങ്ങളും ചിന്തകളും അനർഗളമായി പ്രവഹിക്കാൻ തടസ്സം നിൽക്കുന്ന കച്ചവട താൽപ്പര്യങ്ങളെ ചെറുക്കേണ്ടിയിരിക്കുന്നു.

പുതിയ ചലനങ്ങൾ

# പഞ്ഞപ്പുല്ലിന്(രാഗി) സംഘടന

പഞ്ഞപ്പുല്ലിനുവേണ്ടി ഒരു സംഘടന. അതാണ് കർണാടകത്തിൽ രൂപം കൊണ്ടദ് മില്ലറ്റ് നെറ്റ്‌വർക്ക് ഓഫ് ഇന്ത്യ (മിനി). ഗോതമ്പ്, അരി എന്നിവയോടൊപ്പം പഞ്ഞപ്പുല്ലിന് അർഹമായ അംഗീകാരം നൽകണമെന്നാണ് സംഘടനയുടെ ആവശ്യം. ഭക്ഷ്യസുരക്ഷ എന്ന ലക്ഷ്യം നേടണമെങ്കിൽ പഞ്ഞപ്പുല്ലിനും അർഹമായ പ്രോത്സാഹനം നൽകണമെന്നു സംഘടന ചൂണ്ടിക്കാണിക്കുന്നു. കാരണം പഞ്ഞപ്പുല്ല് അനായാസം വളർത്താം. കൂടുതൽ പോഷകസമൃദ്ധമാണ്. വരൾച്ചയിലും വളരും. കർണാടകത്തിൽ പഞ്ഞപ്പുല്ലുകൊണ്ടുള്ള വിഭവങ്ങൾ ഭക്ഷ്യമേശയിൽ സ്ഥാനം പിടിക്കുന്നുണ്ട്. പക്ഷെ ഇതിന്റെ കൃഷി കുറഞ്ഞു വരുന്നു. അതിനാലാണ് പാവപ്പെട്ടവരുടെ ധാന്യത്തെ പ്രോത്സാഹിപ്പിക്കണമെന്ന സംഘടനയുടെ ആവശ്യം. മറ്റുള്ള ധാന്യങ്ങളെ അപേക്ഷിച്ചു 25% വെള്ളത്തിന്റെ ആവശ്യമേ പഞ്ഞപ്പുല്ലിനുള്ളൂ. കരിമ്പും വാഴയും വെള്ളം വലിച്ചുകുടിക്കുന്നു. മണ്ണിനു 15 സെന്റീമീറ്റർ ആഴമേയുള്ളൂവെങ്കിൽ പോലും പഞ്ഞപ്പുല്ലു വളരും. രാസവളമൊന്നും വേണ്ട. ചുവട്ടിൽ വെള്ളം നിർത്തേണ്ട. നെൽ കൃഷി മിതേൻ വാതകം ഉല്പാദിപ്പിച്ചു പരിസ്ഥിതി നശിപ്പിക്കുന്നുണ്ടെന്നും സംഘടന ആരോപിക്കുന്നു. പോഷകഗുണമേറിയ പഞ്ഞപ്പുല്ല് പ്രമേഹരോഗികൾക്കും ഭക്ഷണത്തിൽ ഉൾപ്പെടുത്താം. രാജ്യത്തെ ജനങ്ങളിൽ 25% പ്രമേഹരോഗികളാകുമ്പോൾ, പഞ്ഞപ്പുല്ലിന് പ്രത്യേക പ്രോത്സാഹനം നൽകി ദേശീയാരോഗ്യം സംരക്ഷിക്കണ്ടേതല്ലേയെന്നു സംഘടന ചോദിക്കുന്നു. കർണാടകത്തിൽ മഴക്കുറവുള്ള മേഖലകളിലെ ചെറിയ കൃഷിയിടങ്ങളിൽ സ്ത്രീകൾ പഞ്ഞപ്പുല്ല്, കടുക്, തുവരപ്പരിപ്പ് തുടങ്ങിയതെല്ലാം വിളയിച്ചു കലവറ സമൃദ്ധമാക്കുന്നുമുണ്ട്. പൊതുവിതരണത്തിൽ പഞ്ഞപ്പുല്ലും ഉൾപ്പെടുത്തണമെന്നാണു സംഘടനയുടെ മറ്റൊരാവശ്യം. ലോകത്ത് ഏറ്റവും കൂടുതൽ പഞ്ഞപ്പുല്ല് ഉല്പാദിപ്പിക്കുന്ന ഇന്ത്യയിൽ പല ഇനങ്ങളിലായി രാജ്യം മുഴുവൻ കൃഷി വ്യാപകമാണ്.



കടപ്പാട്: കർഷകശ്രീ

ചെറു സിനിമ

സന്തോഷ് ജോസഫ്

# ഹാൻഡികാമിൽ ചലച്ചിത്രവിപ്ലവം

**ലോക സിനിമയിൽ വരുംകാലങ്ങളിൽ ആവർത്തിക്കാനിടയുള്ള ഹാൻഡികാം ചലച്ചിത്ര വിപ്ലവത്തെക്കുറിച്ച്...**

ഹ്രസ്വസിനിമയുടെ സാധ്യതകൾ തിരിച്ചറിയുന്ന സിനിമാപ്രവർത്തകരുടെ എണ്ണം ലോകത്തെങ്ങും വർധിച്ചവരികയാണ്. ഒരു മിനുട്ട് മുതൽ 40 മിനുട്ട് വരെയുള്ള ഹ്രസ്വചലച്ചിത്രങ്ങളെ ഷോർട്ട്ഫിലിം വിഭാഗത്തിൽപെടുത്തുന്നു. മൂന്ന് മിനുട്ട് പരമാവധി ദൈർഘ്യമുള്ള 'വെരി ഷോർട്ട് ഫിലിം' വിഭാഗവും നിലവിലുണ്ട്.

ഡിജിറ്റൽ ക്യാമറകളുടെ ആവിർഭാവത്തോടെ ഹ്രസ്വ സിനിമാ പ്രവർത്തനത്തിന് ഇന്ന് ജനകീയതലം കൈവന്നിട്ടുണ്ട്. അടുത്തിടെ ഹോളിവുഡ് സിനിമാലോകത്തെ അത്ഭുതപ്പെടുത്തിയ 'പാരാനോർമൽ ആക്ടിവിറ്റി' എന്ന സിനിമ ഹാൻഡിക്യാം വിഭാഗത്തിൽപെടുന്ന ക്യാമറയിൽ ചിത്രീകരിച്ച പരീക്ഷണ സിനിമയായിരുന്നു. ഹൊറർ വിഭാഗത്തിൽ പെടുന്ന പ്രസ്തുത ചലച്ചിത്രത്തിന് മുഖ്യധാരാ സിനിമയുടെ യാതൊരു പിന്തുണയും കൂടാതെ കേവലം പതിനയ്യായിരം ഡോളർ ചെലവിലാണ് നിർമ്മിച്ചത്. സ്വതന്ത്ര സിനിമാ നിർമ്മാണത്തിൽപെട്ട ഈ സിനിമ നാളിതുവരെ അമേരിക്കയിൽനിന്നുമാത്രം 100 മില്യൺ ഡോളർ ബോക്സോഫീസ് വിജയം നേടിക്കഴിഞ്ഞു. ഇസ്രായേൽ വംശജനായ ഓറൻ പെലിയുടെ ആദ്യചിത്രംകൂടിയായിരുന്നു ഇത്. ലോക സിനിമയിൽ വരുംകാലങ്ങളിൽ ആവർത്തിക്കാനിടയുള്ള ഹാൻഡികാം ചലച്ചിത്ര വിപ്ലവത്തിന്റെ സൂചന കൂടിയാണ് പാരാനോർമൽ ആക്ടിവിറ്റി എന്ന സിനിമ.

ഇന്ത്യയിൽ മുഖ്യധാരാ സിനിമകളിൽനിന്ന് ഏറെ ദൂരം മാറി സഞ്ചരിക്കുന്ന ഹ്രസ്വ ചലച്ചിത്ര മേഖല ഗൗരവതരമായ സമീപനം നിരന്തരം നടത്തിവരുന്നു.

ഇന്ത്യൻ ഹ്രസ്വസിനിമകളുടെ ഓൺലൈൻ പ്രദർശനത്തിനും ചർച്ചകൾക്കുമായി നിലകൊള്ളുന്ന മലയാളിയായ ഡോ. ഷാഹുൽ അമീൻ (സൈക്യാട്രിസ്റ്റായ ഇദ്ദേഹം 'വെളിപാടുകൾ' എന്ന സിനിമ സംവിധാനം ചെയ്തിട്ടുണ്ട്) രൂപം നൽകിയ www.shortz.in എന്ന വെബ്സൈറ്റ് ഇന്ത്യൻ 'ഷോട്ടുകളു'ടെ ഒരു പരിച്ഛേദം കൂടിയാണ്.

## പ്രകാശം പരത്തുന്ന മുത്തശ്ശി



സുമ്രേഷ്കുമാർ സംവിധാനം ചെയ്ത രണ്ട് മിനുട്ട് 58 സെക്കന്റ് ദൈർഘ്യമുള്ള 'ലൈറ്റ്' എന്ന ഹിന്ദി ചെറുസിനിമ www.shortz.in സൈറ്റിൽ പ്രദർശിപ്പിക്കുന്ന മനോഹരമായ ഒരു ചലച്ചിത്ര നിർമ്മിതിയാണ്.

പവർകട്ട് സമയത്ത് ഒരു കുടുംബത്തിലുണ്ടാകുന്ന സംഭവങ്ങളാണ് വിഷയം. കമ്പ്യൂട്ടർ പ്രവർത്തിക്കാൻ കഴിയാതെ അസ്വസ്ഥനാകുന്ന കുടുംബനാഥൻ, ടി.വി നിലച്ചുപോയതിൽ വിഷമിക്കുന്ന കുട്ടികൾ, ഓവൻ പണിമുടക്കിയതിൽ പഴിപറയുന്ന വീട്ടമ്മ... അസ്വാസ്ഥ്യങ്ങളിൽനിന്നകന്ന് വൈദ്യുതിയുടെ അഭാവത്തിൽ തന്റെ മെഴുകുതിരി വെളിച്ചത്തിൽ സന്തോഷത്തോടെ ഏകാന്തതയെ താലോലിക്കുന്ന മുത്തശ്ശി. മെഴുകുതിരി വെളിച്ചവും മുത്തശ്ശിയും പവർകട്ടിന്റെ ചെറിയ ഇടവേളയിലെങ്കിലും വീട്ടുകാർക്ക് ഇത്തിരിനേരത്തെ ആശ്രയമായി മാറുന്നു. പക്ഷേ പവർകട്ട് കഴിഞ്ഞ് വൈദ്യുതി തിരികെയെത്തുമ്പോൾ വീട്ടുകാരെല്ലാവരും നിർത്തിവെച്ച 'തിരക്കുകളി'ലേക്ക് മടങ്ങിപ്പോകുന്നു. മുത്തശ്ശി വീണ്ടും തനിച്ചാവുന്നു. മുത്തശ്ശി സ്വിച്ച് ഓഫ് ചെയ്ത് തന്റെ മെഴുതുകിരിവെട്ടത്തിലേക്ക് ഒതുങ്ങുന്നതോടെ ചിത്രം അവസാനിക്കുന്നു. നവലോക യാഥാർത്ഥ്യത്തിന്റെ ഒരു കൊച്ചുസൂചകമായി ഈ ഹൃദയസ്പർശിയായ ചിത്രം മാറുന്നു.

*സന്തോഷ് ജോസഫ്*

ഹരിത വാർത്ത

ലിമ ന്യൂസ് ഡസ്ക്

# ഗ്രീൻ ബിൽഡിംഗ് ബ്ലോക്കുകളുമായി മലയാളി

മാലിന്യമായി പുറന്തള്ളുന്ന ഗ്ലാസ് പൗഡർ ഉപയോഗിച്ച് കെട്ടിടനിർമ്മാണത്തിനുള്ള കട്ടകൾ വികസിപ്പിച്ചിരിക്കുകയാണ് അമേരിക്കയിൽ സ്ഥിരതാമസക്കാരനായ മലയാളി ശാസ്ത്രജ്ഞൻ നാരായണൻ നെയ്ത്തലത്ത്. വളരെ ചിലവു കുറവും, ഊർജ്ജക്ഷമവും, പരിസ്ഥിതിക്ക് അനുയോജ്യവുമാണീ പുതിയ ഗ്ലാസ് പൊടി കൊണ്ടുള്ള കട്ടകൾ.

റീസൈക്കിൾ ചെയ്തു, മാലിന്യമായി പുറന്തള്ളുന്ന ഗ്ലാസ് വേസ്റ്റുകൾക്ക് പുനർജന്മവും ചിലവു കുറഞ്ഞ, സിമന്റ് ഉപയോഗിക്കാത്ത കെട്ടിടനിർമ്മാണ കട്ടകളാക്കി മാറ്റാനും കഴിയും. കോൺക്രീറ്റാണ് ലോകത്ത് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന മനുഷ്യനിർമ്മിത ഉല്പന്നം. 12 ബില്യൺ ടൺ സിമന്റാണ് ഓരോ വർഷവും ലോകത്താകമാനം നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നത്. സിമന്റിന്റെ 25% ലൈം സ്റ്റോണുകൾ കൊണ്ടു നിർമ്മിക്കുന്ന പോർട്ട്ലാന്റ് സിമന്റാണ്. ഇതിന്റെ നിർമ്മാണത്തിൽ പരിസ്ഥിതിക്കും പ്രകൃതിക്കും പരിക്കുകൾ പറ്റുന്നു. നിർമ്മാണച്ചിലവ് കൂടുതലും, കാർബൺ ഡൈ ഓക്സൈഡ് പുറന്തള്ളുന്നതിനും കാരണമാവുന്നു. ഇവിടെയാണ് സിമന്റിനു പകരം വെക്കാവുന്ന, ഊർജ്ജസംരക്ഷണം, പ്രകൃതിസൗഹാർദ്ദപരം, ചിലവു കുറവ് എന്നീ ഗുണങ്ങളുള്ള ബദൽ സിമന്റിന്റെ പ്രസക്തി. ഇനിയുള്ള കാലം ഗ്ലാസ് പൗഡർ കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടേതാകുമോ?

വേറിട്ട ജീവിതം

# പച്ചക്കറിക്കടയിലെ മാനേജ്മെന്റ്

## പച്ചക്കറി വ്യാപാരത്തിന് മറ്റൊരു ഐ.എം.എ ബിരുദധാരിയും



എഞ്ചിനീയറിങ് ഡിഗ്രിക്കുശേഷം പ്രശസ്തമായ അഹമ്മദാബാദ് ഐഐഎമ്മിൽ (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്) നിന്നു ബിരുദാനന്തരബിരുദം. ബഹുരാഷ്ട്ര കമ്പനിയായ പ്രോക്ടർ ആൻഡ് ഗാംബിളിൽ തുടർന്നു അക്കൗണ്ട് മാനേജരായി നല്ല ജോലി. പക്ഷേ അതുപേക്ഷിച്ചു പച്ചക്കറി, പഴക്കച്ചവടക്കാരനായി മാറിയിരിക്കുന്നു ആക്രോശ് ശർമ്മ. വജ്ര നഗരമായ സൂറത്തിലാണ് (ഗുജറാത്ത്) അദ്ദേഹത്തിന്റെ ബിസിനസ് സംരംഭം. വീട്ടമ്മമാർക്കു പ്രത്യേകിച്ച് ജോലിയുള്ള സ്ത്രീകൾക്കു പച്ചക്കറിയും പഴവും വാങ്ങാൻ വേണ്ടത്ര സമയമില്ലെന്ന തിരിച്ചറിവിലാണ് അദ്ദേഹം ഓൺലൈനിലൂടെ കച്ചവടം തുടങ്ങിയത്. ഗ്രീൻലിങ്ക് പ്രൊഡക്ട്സ് ആൻഡ് കമ്മോഡിറ്റീസിലേക്കു കംപ്യൂട്ടർ വഴി പച്ചക്കറിക്കും പഴവർഗ്ഗങ്ങൾക്കും ഓർഡർ നൽകാം. സാധനങ്ങൾ വീടുകളിലെത്തും. ഗുണമേന്മയും ഉറപ്പ്. 2007-ൽ ഈ സ്ഥാപനം തുടങ്ങിയപ്പോൾ തന്നെ നൂറു വീട്ടുകാർ ഉപഭോക്താക്കളായി രജിസ്റ്റർ ചെയ്തു. ആദ്യമാസങ്ങളിൽ ചില പിഴവുകൾ സംഭവിക്കുകയും കണക്കുകൂട്ടൽ തെറ്റുകയും ചെയ്തെങ്കിലും അതിൽനിന്നു പാഠങ്ങൾ പഠിച്ചു മുന്നേറിയ ശർമ്മയ്ക്ക് കൂടുതൽ ഉപഭോക്താക്കളെ കണ്ടെത്താനായി. കൂടുതൽ കടകൾ തുറക്കുകയും ചെയ്തു. മൊത്തവിതരണക്കാരിൽനിന്നും വിപണിയിൽ നിന്നും നല്ലയിനം പച്ചക്കറി, പഴവർഗ്ഗങ്ങൾ കുറഞ്ഞ വിലയ്ക്കു വാങ്ങുന്നതു വഴിയാണ് അദ്ദേഹം കച്ചവടം മെച്ചപ്പെടുത്തിയത്. ബിർല ഗ്രൂപ്പിന്റെ റീട്ടെയിൽ സ്ഥാപനമായ മോർ കടകളിൽ ശർമ്മയുടെ ചെറുവിൽപ്പനശാലകളും തുറന്നിരിക്കുന്നു. ഒരു ലക്ഷം രൂപയായിരുന്നു ആദ്യ മുതൽമുടക്ക്. ഇപ്പോൾ ഒരു വജ്രവ്യാപാരി അഞ്ചുകോടി രൂപ മുടക്കി വ്യാപാരശൃംഖല വിപുലമാക്കാൻ സഹായിക്കുന്നു.

*കടപ്പാട്: കർഷകശ്രീ*

## ജീവജാലങ്ങളെ സ്നേഹിക്കാൻ ജീവസ്നേഹികൾ

ജീവജാലങ്ങളോടുള്ള ക്രൂരതകൾക്കെതിരെ പ്രതികരിക്കുന്നവരുടെ കൂട്ടായ്മയായി ജീവസ്നേഹി എന്ന സംഘടന പ്രവർത്തിച്ചുവരുന്നു.

മിണ്ടാപ്രാണികളോട് കരുണയും കരുതലും ഉള്ളവർക്കായി ഒരു തുറന്ന വേദിയാണിത്. മെമ്പർഷിപ്പ് ക്യാമ്പയിൻ ആരംഭിച്ചിരിക്കുകയാണ്. അംഗങ്ങളാകുവാൻ ക്ഷണിക്കുന്നു.

തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സംഘടനയുടെ പ്രസിഡന്റ് ആർ. ലോഹിതാക്ഷനും സെക്രട്ടറി പി.കെ. സെബാസ്റ്റ്യനുമാണ്.

കെ.കെ. നാരായണൻ, ഇ.ജി. ഗുരുശ്രീ നമ്പൂതിരി, എൻ.കെ സജീവാനന്ദൻ, ഹെൻറി കാങ്കപ്പാടൻ, തോമസ് ഫിലിപ്പ് എന്നിവർ പ്രവർത്തകരാണ്.

ബന്ധങ്ങൾക്ക്: തൃശൂർ - 9847159901, കോഴിക്കോട് - 9446166705, എറണാകുളം - 9847246255

*വായനക്കാരുടെ പ്രതികരണങ്ങൾ - തപാലിൽ, ഇ മെയിലിൽ, ടെലഫോൺ, എസ്.എം.എസ്, നേരിൽ*

വായനയുടെ പക്ഷം




ലിറ്റിൽ മാസികയുടെ നെൽകൃഷി സംരംഭം മാതൃകാപരമാണ്. ഇന്നത്തെ കാലത്ത് മാസികാപ്രവർത്തനം ഈ വിധം ക്രിയാത്മകമാവുന്നത് ചെറിയകാര്യമല്ല. എഴുതുന്നതും പറയുന്നതും പ്രാവർത്തികമാക്കുന്ന ഇത്തരം സംരംഭങ്ങൾ മുഴുവൻ മാധ്യമപ്രവർത്തകർക്കും മാതൃകയാണ്.

*രാജു കാടാച്ചിറ, കണ്ണൂർ*

ലിറ്റിൽമാസികയിൽ വരുന്ന മിക്ക രചനകളും മറ്റേതെങ്കിലും പ്രസിദ്ധീകരണങ്ങളിൽനിന്ന് എടുത്തുകൊടുക്കുന്നതാണല്ലോ. എഴുതി നിറയ്ക്കാൻ ആളില്ലാഞ്ഞിട്ടാണോ?

*ബിനു കെ.എസ്. വാളകം, കൊട്ടാരക്കര*

കഴിഞ്ഞലക്കം ജീവിതത്തിന്റെ ലളിതപാഠങ്ങളിൽവന്ന മനസ്സിന്റെ യാത്രകൾ ചിന്തോദ്ദീപകമായി.

*സറീന ഷമീർ, കൊണ്ടോട്ടി.*

പ്രതിശീർഷ ആനന്ദം വികസനത്തിന്റെ അളവുകോൽ ആയി പരിഗണിക്കണമെന്ന ആശയം മനസ്സിലാക്കാൻ ലിറ്റിൽ മാസികയിലൂടെ കഴിഞ്ഞു. പക്ഷേ, ഇതിന്റെ വിശദാംശങ്ങൾ കൂടി നൽകണമായിരുന്നു.

*എൽദോ പങ്ങാരപ്പിള്ളി, തൃശൂർ*

ഇപ്പോൾ മാസിക കിട്ടിക്കൊണ്ടിരിക്കുന്നവരിൽ വരിസംഖ്യ അടക്കാത്തവർ ഒന്നു ശ്രദ്ധവെച്ചാൽ പ്രസിദ്ധീകരണത്തിന് വലിയൊരു സഹായമാകും. വരിസംഖ്യ പുതുക്കാത്തവർ പുതുക്കിയും പുതിയ വരിക്കാരെ പരിചയപ്പെടുത്തിയും സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.




**ലിറ്റിൽ മാസിക**


**16 ലക്കങ്ങൾക്ക് 100 രൂപ**


**ഇന്നുതന്നെ എം.ഒ അയക്കുമല്ലോ.**

ലിറ്റിൽമാസിക, ചുങ്കത്തറ പി.ഒ,
മലപ്പുറം ജില്ല - 679334

Little Masika

February 2010 Postal Reg.No. KL/MJI/82/2010-2012.
RN 67322 / 94 registered with the Registrar of
News Papers for India New Delhi Rs. 6.50





# 2010: ജൈവ വൈവിധ്യ വർഷം

2010 ജൈവ വൈവിധ്യ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി നിലമ്പൂർ പ്രകൃതി പഠനകേന്ദ്രം സമൂഹത്തിലെ എല്ലാ തട്ടിലുമുള്ളവരെയും പങ്കെടുപ്പിച്ച് ഒട്ടേറെ പ്രവർത്തനങ്ങൾ ഈ വർഷം സങ്കടിപ്പിക്കുകയാണ്. 'പ്രാദേശിക ജൈവ വൈവിധ്യത്തിന്റെ കാവലാളാവുക' എന്നതാണ് മുഖ്യപ്രമേയം. ജൈവ വൈവിധ്യ പഠനയാത്രകൾ, ശില്പശാലകൾ, പഠനനിരീക്ഷണ ഒത്തുചേരലുകൾ, വനയാത്ര, പ്രകൃതിപഠന ക്യാംപുകൾ, പ്രദർശനങ്ങൾ, പ്രാദേശിക ജനകീയ സംഗമങ്ങൾ, വിത്തു വിതരണ സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ സ്കൂൾ കോളേജ് വിദ്യാർത്ഥികൾ, അധ്യാപകർ, കർഷകർ, വനിതകൾ, യുവജന പ്രവർത്തകർ തുടങ്ങിയവർക്കായി നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക. ഡയറക്ടർ, പ്രകൃതി പഠന കേന്ദ്രം, നിലമ്പൂർ - 679329. ഫോൺ: 9446635140, 9809949895

### കേരള പഠനയാത്രകൾ

കേരളത്തിലെ വ്യത്യസ്ത ആവാസവ്യവസ്ഥകളിലേക്ക് നിലമ്പൂർ പ്രകൃതി പഠന കേന്ദ്രം സംഘടിപ്പിക്കുന്ന പ്രതിമാസാ യാത്രാപരിപാടികളുടെ ഭാഗമായി നിലമ്പൂർ കാടുകൾ, അട്ടപ്പാടി താഴ്‌വര, പറമ്പിക്കുളം, ചിന്നാർ, മറയൂർ, കാന്തല്ലൂർ, ഇരവികുളം, മൂന്നാർ, കോവിലൂർ, ചെന്തുരുണി, തട്ടേക്കാട്, വാഗമൺ, വയനാട്, കുട്ടനാട് യാത്രകളും കായൽ, കണ്ടൽ യാത്രകളും ഈ വർഷത്തിലുണ്ടാകും.

താത്പര്യമുള്ളവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം.

# വഴുതനപ്പൂരം

## 1185 കുംഭം 2 ഞായർ (2010 ഫെബ്രുവരി 14)ന്

### നാട്ടുവഴുതനങ്ങകളുടെ പ്രദർശനവും ജനിതകമാറ്റ വിളകൾക്കെതിരെ വിദ്യാർത്ഥികളുടെ പ്രതിരോധവും


**കോട്ടക്കൽ ഗവൺമെന്റ് രാജാസ് ഹയർസെക്കണ്ടറി സ്കൂളിൽ**

വള്ളുവനാട്ടിലും വെട്ടത്തുനാട്ടിലും കുറുമ്പ്രനാട്ടിലും മകരമാസങ്ങൾ പകൽപ്പൂരങ്ങളെ വരവേൽക്കാനായ്....

നമ്മുടെ കാർഷിക സമൃദ്ധിയുടെ നിറവാണ് ഓരോ പൂരവും. പൂരങ്ങളുടെ നാട്ടിലെ കാർഷികയിനങ്ങൾ ആരെയും അതിശയിപ്പിക്കും. ഓരോ വിളയിലും എത്രയെത്ര ഇനങ്ങൾ. ഓരോന്നിനും ഓരോ സ്വാദ്, ഓരോ ഗുണം, ഓരോ നിറം. നാട്ടുപച്ചക്കറികളിലൊന്നായ വഴുതനങ്ങയിൽത്തന്നെ എത്രയോ തരങ്ങൾ ഇപ്പോഴും നമ്മുടെ തൊടികളിലുണ്ട്. കറിക്കുവേണ്ടിയുള്ളവ മുതൽ പലവിധ ഔഷധങ്ങൾക്കുവരെ നാം ഇവ ഇപയോഗിക്കുന്നു. നമ്മുടെ പൂർവ്വീകർ പകർന്നുതന്ന കാർഷിക സംസ്കാരത്തിന്റെ ഈ തിരുശേഷിപ്പുകളുടെ മഹത്വം നമുക്ക് അറിയേണ്ടേ? ഈ നാട്ടുവിളകൾ അന്യം നിന്നുപോകാൻ നാം അനുവദിച്ചുകൂടാ.. നാട്ടുനന്മകളെ മറക്കാതരിക്കാനാണ് ഈ "വഴുതനപ്പൂരം"

മലപ്പുറം ജില്ലയിലെ വിദ്യാലയങ്ങളിലുള്ള ദേശീയ ഹരിതസേന നടത്തുന്ന പരിസ്ഥിതി മേളയാണിത്. ജനിതക മാറ്റ വിളകളെപ്പറിയും ബി.ടി വഴുതനയെപ്പറ്റിയും ആശങ്കകളും അഭിപ്രായങ്ങളും പുകഞ്ഞുകൊണ്ടിരിക്കുന്ന ഈ വേളയിൽ നമുക്ക് നാട്ടുവഴുതനങ്ങകളെക്കുറിച്ചോർക്കാം. ഇവയൊക്കെ നഷ്ടപ്പെട്ടുപോയല്ലോ എന്നോർത്ത് കരയാതിരിക്കാനാണ് ഈ "വഴുതനങ്ങപ്പൂരം."

S u b s c r i b e   t o   t h e   G r e e n   T r u t h




Edited, Printed, Published and owned by Biju John published at Chungathara
printed at Imperial Edv. for Co-op Press, Chungathara